LIBRARY ARCHIVES Kerala Legislative Assembly

ശബരിമലയ്ക്കുള്ള കെ.എസ്.ആർ.ടി.സി. ടിക്കറ്റ് നിരക്ക്

*19 [108] ശ്രീ. കെ. ബാബു:

,, എം. എ. ചന്ദ്രശേഖരൻ:

പ്രൊഫ. കെ. വി. തോമസ്:

ശ്രീ. എൻ. ഡി. അപ്പച്ചൻ:

,, വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സീസണിൽ കെ.എസ്.ആർ.ടി.സി. നടത്തിയ സർവ്വീസിന് കഴിഞ്ഞ വർഷം വരെ ടിക്കറ്റ് നിരക്കിൽ എന്തു തുക വർദ്ധനവ് വരുത്തി;

(ബി) 2004-05-ലെ മണ്ഡല-മകരവിളക്ക് മുതൽ പ്രസ്തുത അധിക ചാർജ്ജ് പിൻവലിച്ചുവോ;

(സി) ഇപ്രകാരം അധിക ചാർജ്ജ് വേണ്ടെന്നു വച്ചതുകൊണ്ട് കെ.എസ്.ആർ.ടി.സി.-യ്ക്ക് ഉണ്ടാകുമായിരുന്ന അധിക വരുമാനം എത്ര കണ്ടു കുറഞ്ഞു?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ):

(എ) ശബരിമല സീസണിൽ നടത്തിയ സ്പെഷ്യൽ സർവ്വീസിന് കഴിഞ്ഞ വർഷം വരെ 20 ശതമാനം അധിക ചാർജ്ജ് ഈടാക്കിയിരുന്നു.

(ബി) പിൻവലിച്ചു.

(സി) അധിക ചാർജ്ജ് വേണ്ടെന്നു വച്ചതുകൊണ്ട് കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിൽ 2,00,39,704 രൂപ കുറവുണ്ടായി.

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ ആനുകൂല്യത്തിൽ വർദ്ധനവ്

*20 [109] ശ്രീ. എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ മൊത്തം എത്ര തൊഴിലാളികൾ അംഗത്വമെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;